بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 18.11.2022

### സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)

*യു.കെയിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*

## ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങൾ - 37

اَشۡھَدُ اَنۡ لَّااِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَرَسُوۡلُہٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطَانِ الرَّجِیۡمِ ۝ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۝
اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ۝ اَلرَّحۡمٰنِ الرَّحِیۡمِ ۝ مٰلِکِ یَوۡمِ الدِّیۡنِ۝ اِیَّاکَ
نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ۝ اِھۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ۝ صِرَاطَ الَّذِیۡنَ اَنۡعَمۡتَ
عَلَیۡھِمۡ غَیۡرِ الۡمَغۡضُوۡبِ عَلَیۡھِمۡ وَلَاالضَّآلِّیۡنَ ۝

ഹദ്റത് അബൂബക്കർ സിദ്ധീഖ്(റ)ന്റെ ചരിത്രത്തിലേയും ജീവിതത്തിലെയും സംഭവങ്ങളാണ് വിവരിച്ചുകൊണ്ടിരിക്കുന്നത്. തിരുനബി(സ)യുടെ ദൃഷ്ടിയിൽ ഹദ്റത് അബൂബക്കറിന് ഉണ്ടായിരുന്ന സ്ഥാനത്തെക്കുറിച്ച് നേരത്തെ വിവരിച്ചിട്ടുള്ളതിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത്, തിരുനബി(സ) അദ്ദേഹത്തെ തന്റെ പിൻഗാമിയായി നാമനിർദേശം ചെയ്യാൻ ആഗ്രഹിച്ചിരുന്നു എന്നാണ്. മാത്രമല്ല, അല്ലാഹു ഹദ്റത് അബൂബക്കറിനെ തന്നെ തിരുനബിക്കുശേഷം ഖലീഫയും പ്രതിനിധിയും ആക്കുകയുള്ളൂ എന്ന് സൂചന നൽകുകയും ചെയ്തിരുന്നു. ഹദ്റത് ആഇശ(റ) വിവരിക്കുന്നു: നബി തിരുമേനി(സ) തന്റെ രോഗാവസ്ഥയിൽ എന്നോട് പറഞ്ഞു: നിന്റെ പിതാവ് അബൂബക്കറിനെ എന്റെ അടുക്കലേക്ക് വിളിപ്പിക്കുക. എനിക്ക് ഒരു ലിഖിതം തയ്യാറാക്കാനുണ്ട്. ആരെങ്കിലും താനാണ് കൂടുതൽ അർഹൻ എന്ന് പറഞ്ഞ് ആഗ്രഹം പ്രകടിപ്പിക്കുമോ എന്ന് ഞാൻ ആശങ്കപ്പെടുന്നു. പക്ഷെ അല്ലാഹുവും വിശ്വാസികളും ഹദ്റത് അബൂബക്കറല്ലാത്ത മറ്റാരെയും നിരാകരിക്കുന്നതാണ്.

ഇഫ്ക് സംഭവത്തെ പരാമർശിച്ചുകൊണ്ട് ഹുസൂർ തിരുമനസ്സ് പറഞ്ഞു: ഈ സംഭവത്തിലെ ഹ്രസ്വമായ ഒരു ഭാഗത്തിൽനിന്ന് വളരെ വ്യക്തമായി മനസ്സിലാക്കാൻ കഴിയുന്നത്, ഹദ്റത് ആഇശക്കുമേൽ ഉണ്ടായ വലിയ ആരോപണം ഒരു പർവ്വതം വന്നു വീണത് പോലെയായിരുന്നു. എന്നാൽ ഹദ്റത് ആഇശയുടെ മാതാപിതാക്കൾക്ക് തിരുമേനിയോട് ഉണ്ടായിരുന്ന സ്നേഹവും, ആദരവും മകളോടുള്ള സ്നേഹത്തേക്കാൾ എത്രയോ അധികമായിരുന്നു. നബി(സ) അവരോട് എങ്ങനെയാണോ പെരുമാറിയത് അതെ രീതി തന്നെ അവരും അനുവർത്തിക്കുന്നതാണ് ഉചിതം എന്ന് കരുതിയിരുന്നു.

ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നു: നാം ഇവിടെ ചിന്തിക്കേണ്ട കാര്യമെന്തെന്നാൽ, ആരെല്ലാമായിരുന്നു ദുഷ്പേരുണ്ടാക്കാൻ ശ്രമിച്ചത് എന്നും അത് മുനാഫിക്കീങ്ങൾക്ക് അല്ലെങ്കിൽ അവരുടെ നേതാക്കൻമാർക്ക് ഉപകാരപ്പെട്ടിരുന്നോ എന്നും നോക്കേണ്ടിയിരിക്കുന്നു. ഹദ്റത് ആഇശ(റ)ക്കുമേൽ ആരോപണം ഉന്നയിച്ചുകൊണ്ട് രണ്ടു വ്യക്തികൾക്കെതിരിക്കൽ ശത്രുത പ്രകടിപ്പിക്കുന്നു; ഒന്ന് റസൂൽ തിരുമേനി(സ) മറ്റൊന്ന് ഹദ്റത് അബൂബക്കർ(റ). കാരണം അവർ ഒരാളുടെ ഭാര്യയും മറ്റൊരാളുടെ മകളുമായിരുന്നു. ഇവർ രണ്ടുപേർക്കും എതിരിൽ ദുഷ്പേരുണ്ടാകുന്നത് രാഷ്ട്രീയപരമായും ശത്രുതാപരമായും ചില ആളുകൾക്ക് പ്രയോജനകരമാകുമായിരുന്നു.

തിരുനബി(സ)ന്റെ മറ്റു ഭാര്യമാർ ഹദ്റത് ആയിശയെ തിരുനബിയുടെ ദൃഷ്ടിയിൽ ഇകഴ്ത്താനും തങ്ങളുടെ സത്പേര് ഉണ്ടാക്കാനും വേണ്ടി ശ്രമിക്കാൻ സാധ്യതയുണ്ട്. എന്നാൽ നബി(സ)യുടെ സഹധർമിണിമാർ ആരും തന്നെ ഈ കാര്യത്തിൽ യാതൊരു പങ്കും വഹിച്ചിട്ടില്ല എന്നതിന് ചരിത്രം സാക്ഷിയാണ്. തിരുനബി(സ) തന്റെ മറ്റൊരു ഭാര്യയോട് ഇതിനെ കുറിച്ച് പരാമർശിച്ചപ്പോൾ അവർ പറഞ്ഞത്, ഞാൻ ഹദ്റത് ആയിശയിൽ നന്മയല്ലാതെ മറ്റൊന്നും കണ്ടിട്ടില്ല എന്നാണ്.

ഹദീസുകളിൽ വളരെ വ്യക്തമായും പറയുന്നുത്, സഹാബാക്കൾ പരസ്പരം പറഞ്ഞുകൊണ്ടിരുന്നത് തിരുനബി(സ)ക്കുശേഷം ആർക്കെങ്കിലും സ്ഥാനമുണ്ടെങ്കിൽ അത് അബൂബക്കറിന്റെ സ്ഥാനമാണ് എന്നായിരുന്നു.

അബ്ദുല്ലാഹ് ബിൻ ഉബയ്യ് ഇബ്നു സുലൂൽ രാജാധികാരത്തിന്റെ എല്ലാ പ്രതീക്ഷകളും ഇല്ലാതായെന്നു കണ്ടപ്പോൾ അയാൾക്ക് മറ്റൊന്നും ചെയ്യാൻ കഴിയുമായിരുന്നില്ല. അയാൾ ആഗ്രഹിച്ചത് നബി തിരുമേനി(സ)ന്റെ മരണത്തിന് ശേഷം മദീനയുടെ രാജാവാകാം എന്നായിരുന്നു. ഹദ്റത് അബൂബക്കർ(റ)ന്റെ പ്രസിദ്ധിയും അദ്ദേഹത്തിന്റെ മഹത്വവും മുസ്‌ലിംകളുടെ കണ്ണുകളിൽനിന്ന് ഇല്ലാതാക്കാൻ അയാൾ ഹദ്റത് ആഇശക്ക് എതിരിൽ ആരോപണം ഉന്നയിച്ചു. അങ്ങനെ നബി തിരുമേനി(സ)നു ഹദ്റത് ആഇശയോട് വെറുപ്പുണ്ടാകുമെന്നും ഹദ്റത് അബൂബക്കറിന് നബി(സ)ന്റേയും മുസ്‌ലിംകളുടേയും ദൃഷ്ടിയിൽ ഉണ്ടായിരുന്ന അന്തസ്സിന് ഇടിവ് തട്ടുമെന്നും തുടർന്ന് അദ്ദേഹം ഖലീഫ ആകാനുള്ള സാധ്യത ഇല്ലാതാകുമെന്നും കരുതി. അല്ലാഹു ഈ വിഷയത്തെ കുറിച്ച് വിശുദ്ധ ഖുർആനിൽ പറയുന്നു:

اِنَّ الَّذِيْنَ جَآءُوْ بِالْاِفْكِ عُصْبَةٌ مِّنْكُمْ ط
لَاتَحْسَبُوْهُ شَرًّا لَّكُمْ ط بَلْ هُوَ خَيْرٌ لَّكُمْ ط

അതായത് ഹദ്റത് ആഇശ(റ)ക്കുമേൽ ആരോപണം ഉന്നയിച്ചവർ നിങ്ങളിൽനിന്ന് തന്നെയുള്ള മുസ്ലിംകൾ എന്ന് പറയപ്പെടുന്ന ഒരു വിഭാഗമായിരുന്നു. ഈ ആരോപണം എന്തെങ്കിലും തിക്തഫലം ഉണ്ടാക്കുമെന്നു നിങ്ങൾ കരുതേണ്ടതില്ല. മറിച്ച് ഈ ആരോപണം നിങ്ങൾക്ക് ഗുണകരവും പുരോഗതിക്ക് നിദാനവുമായിത്തീരുന്നതാണ്.

ഹദ്റത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: സൂറഃ നൂറിന്റെ ആരംഭം മുതൽ അവസാനം വരെ ഒരേ വിഷയം തന്നെ വിവരിച്ചിരിക്കുന്നത് നോക്കുക. ഹദ്റത് ആഇശ(റ)ക്കുമേൽ ഉന്നയിക്കപ്പെട്ട ഈ ആരോപണത്തിന് തൊട്ട്ശേഷം ഖിലാഫത്തിനെ കുറിച്ച് പരാമർശിച്ച് കൊണ്ട് പറയുന്നു: ഖിലാഫത്ത് രാജാധികാരമല്ല; ഇത് ദൈവീക പ്രകാശത്തെ നിലനിർത്തുന്നതിനുള്ള മാർഗമാകുന്നു. അതുകൊണ്ട് അതിന്റെ സ്ഥാപനം അല്ലാഹു തന്റെ അധീശത്തിൽ വെച്ചിരിക്കുന്നു. അത് നഷ്ടപെടുകയെന്നാൽ നുബുവ്വത്തിന്റെ പ്രകാശവും ദൈവീക പ്രകാശവും നഷ്ടമാകുന്നത് പോലെയാണ്. ആയതിനാൽ അവൻ ആ പ്രകാശത്തെ തീർച്ചയായും സ്ഥാപിക്കുന്നതാണ്. നുബുവ്വത്തിന് ശേഷം ഒരിക്കലും രാജാധികാരം സ്ഥാപിക്കാൻ അനുവദിക്കുന്നതല്ല. അവൻ ഇഷ്ടമുള്ള ആളെ ഖലീഫയാക്കും. മാത്രമല്ല അവൻ വാഗ്ദാനം ചെയ്യുന്നു, മുസ്ലിംകളിൽ നിന്ന് ഒരാളെയല്ല മറിച്ച് നിരവധി പേരെ ഖിലാഫത്ത് സ്ഥാനത്ത് അവരോധിച്ച്കൊണ്ട് പ്രകാശത്തിന്റെ കാലഘട്ടത്തെ ദീർഘിപ്പിക്കുന്നതാണ്.

ഈ സംഭവം കൊണ്ടും പിന്നെ അതിനുശേഷം അല്ലാഹുവിന്റെ കർമ്മ സാക്ഷ്യം കൊണ്ടും വെളിപ്പെടുന്നത് എന്തെന്നാൽ നുബുവ്വത്ത് കഴിഞ്ഞ ഉടൻ തന്നെ തിരുനബിയുടെ പ്രവചനങ്ങൾ അനുസരിച്ച് ഉണ്ടാകുമെന്ന് വാഗ്ദാനമുണ്ടായിരുന്ന ഖിലാഫത്തിന്റെ ശൃംഖല തുടരുകയുണ്ടായി എന്നതാണ്. പിന്നെ അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് ഹദ്റത് മസീഹ് മൗഊദ്(അ) മുഖേനയും ആ സംവിധാനം നിലവിൽ വന്നു.

ഹദ്റത് അബൂബക്കറിന്റെ വിനയത്തെയും താഴ്മയെയും കുറിച്ച് ഹദ്റത് സഈദ് ഇബ്നു മുസയ്യിബ് നിവേദനം ചെയ്യുന്നു: ഒരിക്കൽ നബി തിരുമേനി(സ) തന്റെ ഏതാനും സ്വഹാബാക്കളോടൊപ്പം ഒരു സദസ്സിൽ ഇരിക്കുകയായിരുന്നു. ഏതോ ഒരാൾ ഹദ്റത് അബൂബക്കറിനോട് വഴക്ക് കൂടാൻ തുടങ്ങി. അദ്ദേഹത്തെ ബുദ്ധിമുട്ടിച്ച് കൊണ്ടിരുന്നു. അപ്പോൾ ഹദ്റത് അബൂബക്കർ നിശബ്ദനായി ഇരുന്നു. അയാൾ വീണ്ടും ശല്യപ്പെടുത്തി എങ്കിലും അബൂബക്കർ നിശബ്ദത പാലിച്ചു. അയാൾ മൂന്നാമതും ശല്യപ്പെടുത്തിയപ്പോൾ ഹദ്റത് അബൂബക്കറും പ്രതികരിച്ച് തുടങ്ങി. ഹദ്റത് അബൂബക്കർ പ്രതികരിച്ചപ്പോൾ തിരുനബി(സ) അവിടെ നിന്ന് എഴുന്നേറ്റു. ഹദ്റത് അബൂബക്കർ (നീരസത്തിലാണോ എന്ന്) ചോദിച്ചപ്പോൾ നബി തിരുമേനി(സ) പറഞ്ഞു: വാനലോകത്ത് നിന്ന് ഒരു മലക്ക് ഇറങ്ങി നിനക്കെതിരെ അയാൾ പറഞ്ഞുകൊണ്ടിരുന്നതെല്ലാം നിരാകരിച്ച് കൊണ്ടിരുന്നു. എന്നാൽ നീ പ്രതികരിച്ചപ്പോൾ ശൈത്താൻ വന്നു. ശൈത്താൻ ഉള്ള സദസ്സിൽ എനിക്ക് ഇരിക്കാൻ സാധ്യമല്ല. തുടർന്ന് തിരുനബി(സ) പറഞ്ഞു: അബൂബക്കർ മൂന്ന് കാര്യങ്ങൾ പൂർണമായും സത്യമാകുന്നു. ആരെങ്കിലും ദ്രോഹിക്കപ്പെടുകയും അയാൾ അല്ലാഹുവിന്‌വേണ്ടി മാത്രം അത് അവഗണിക്കുകയുമാണെങ്കിൽ അല്ലാഹു തന്റെ സഹായം മുഖേന അയാളെ അന്തസ്സുള്ളവനാക്കും. ആരെങ്കിലും തന്റെ സംഭാവനയുടെ കവാടങ്ങൾ ബന്ധുത്വം ഊട്ടിയുറപ്പിക്കാൻവേണ്ടി തുറക്കുകയാണെങ്കിൽ അല്ലാഹു അത് മുഖേന അയാൾക്ക് സമ്പത്തിൽ ആധിക്യം നൽകുന്നതാണ്. മൂന്നാമത്തെ; കാര്യം എന്തെന്നാൽ ആരെങ്കിലും യാചനയുടെ കവാടം തുറക്കുകയും അത് മുഖേന സമ്പത്ത് വർധിപ്പിക്കുകയുമാണ് ലക്ഷ്യമെങ്കിൽ അല്ലാഹു അത് മുഖേന സമ്പത്ത് കുറക്കുകയും ഇല്ലായ്മ വർധിപ്പിക്കുകയും ചെയ്യുന്നതാണ്.

ഹദ്റത് മസീഹ് മൗഊദ്(അ) ഹദ്റത് അബൂബ ക്കറിന്റെ മഹാത്യമങ്ങളെ കുറിച്ച് വിവരിച്ച് കൊണ്ടു പറയുന്നു. ആ മഹാത്മാവ് പരിപൂർണമായ ദിവ്യജ്ഞാനമുള്ള ദൈവഭക്തനായിരുന്നു. വലിയ ആർദ്ര സ്വഭാവവും ഏറെ കരുണയുള്ള വ്യക്തിത്വവുമായിരുന്നു. വിനയത്തോടും ലാളിത്യത്തോടുമുള്ള ജീവിതമാണ് നയിച്ചിരുന്നത്. വളരെയേറെ പൊറുത്ത് കൊടുക്കുന്നവനും ഏറെ വാത്സല്യവും, കരുണയുമുള്ള ആളായിരുന്നു. അദ്ദേഹം തന്റെ നെറ്റിത്തടത്തിന്റെ പ്രകാശംകൊണ്ട് തിരിച്ചറിയപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ ആത്മാവ് സൃഷ്ടികുലോത്തമനായ നബി തിരുമേനി(സ)യുടെ ആത്മാവുമായി ബന്ധിതമായിരുന്നു. ഖുർആനിക ജ്ഞാനത്തിലും പ്രവാചകശ്രേഷ്ഠനായ നബി തിരുമേനി(സ) യോടുള്ള സ്നേഹത്തിലും എല്ലാവരേക്കാളും വ്യതിരിക്തനായിരുന്നു. സത്യസന്ധനായ ദൈവത്തിന്റെ വർണം സ്വീകരിച്ചു. സത്യസന്ധത അദ്ദേഹത്തിൽ ഉൾച്ചേർന്ന യോഗ്യതയും സ്വാഭാവികമായ പ്രത്യേകതയുമായിരുന്നു. ഈ സത്യസന്ധതയുടെ പ്രഭാവങ്ങളും പ്രകാശങ്ങളും അദ്ദേഹത്തിലും അദ്ദേഹത്തിന്റെ വാക്കിലും പ്രവർത്തിയിലും അനക്കമടക്കങ്ങളിലും വികാര വിചാരങ്ങളിലും പ്രകടമായി. ഹദ്റത് അബൂബക്കർ(റ)ന്റെ ഉന്നതമായ സ്ഥാനങ്ങൾ അന്തസ്സുടയവനായ റബ്ബിന്റെ സവിധത്തിൽനിന്ന് എനിക്ക്മേൽ വെളിപ്പെട്ട യാഥാർഥ്യങ്ങളാണ്.

റബ്ബുൽ അർബാബിലുള്ള അർപ്പണവും ഭൗതീക സാമഗ്രികളോടുള്ള താത്പര്യക്കുറവുമായിരുന്നു അദ്ദേഹത്തിന്റെ പാനീയം. മര്യാദകളിൽ നമ്മുടെ റസൂൽ(സ)ന്റെ നിഴൽ പോലെയായിരുന്നു. അദ്ദേഹത്തിന് നബി(സ)യുമായി ആരംഭം മുതലേ ഒരു ബന്ധം ഉണ്ടായിരുന്നു.

അതുകൊണ്ട് തന്നെ അദ്ദേഹത്തിന് റസൂൽ തിരുമേനി(സ)ന്റെ അനുഗ്രഹത്തിൽനിന്ന് ഞൊടിയിടകൊണ്ട് ലഭ്യമായത് മറ്റുള്ളവർക് നീണ്ട കാലങ്ങൾ കൊണ്ടോ സുദീർഘമായ ബന്ധം കൊണ്ടോ നേടാൻ കഴിഞ്ഞിട്ടില്ല.

ഹദ്റത് അലി ബിൻ അബീത്വാലിബ് നിവേദനം ചെയ്യുന്നു: റസൂൽ തിരുമേനി(സ) പറയുന്നു: തീർച്ചയായും എല്ലാ നബിമാർക്കും ഏഴ് സുകൃതവാന്മാരായ സുഹൃത്തുക്കൾ ലഭിച്ചിട്ടുണ്ട്; എനിക്ക് പതിനാല് പേരെ തന്നിട്ടുണ്ട്. അബൂബക്കറും അതിൽ ഉൾപ്പെടുന്നു.

നബി തിരുമേനി(സ) തബൂക്കിൽനിന്ന് തിരിച്ച് വന്നപ്പോൾ മുശ്‌രിക്കുകൾ മറ്റുള്ളവരോടൊപ്പം ചേർന്ന് ഹജ്ജ് ചെയ്യുന്നു എന്നും ശിർക്ക് പരമായ വാക്കുകൾ ഉരുവിടുന്നു എന്നും കഅബയെ നഗ്നരായി പ്രദക്ഷിണം ചെയ്യുന്നു എന്നും അറിയിപ്പു ലഭിച്ചപ്പോൾ തിരുനബി(സ) ആ വർഷം ഹജ്ജ് ചെയ്യാനുള്ള ആഗ്രഹം ഉപേക്ഷിച്ചു. ഹദ്റത് അബൂബക്കർ സിദ്ധീഖിനെ ഹിജ്റ 9 ന് അമീറുൽ ഹജ്ജ് ആയി നിശ്ചയിച്ച് പറഞ്ഞയച്ചു. ഹദ്റത് അബൂബക്കർ സിദ്ധീഖ് മുന്നൂറു സ്വഹാബാക്കളോടൊപ്പം മദീനയിൽ നിന്ന് തിരിച്ചു. നബി തിരുമേനി(സ) അദ്ദേഹത്തോടപ്പം 20 മൃഗങ്ങളെ ഖുർബാനിക്ക് വേണ്ടി അയച്ചിരുന്നു. അവയുടെ കഴുത്തുകളിൽ നബി തിരുമേനി(സ) സ്വയം തന്നെ ഖുർബാനിയുടെ അടയാളമായി ഖുർബാനിയുടെ പട്ട അണിയിക്കുകയും അടയാളമിടുകയും ചെയ്തു. ഹദ്റത് അബൂബക്കർ സ്വന്തം നിലക്ക് ഖുർബാനിക്ക് വേണ്ടി അഞ്ചു മൃഗങ്ങളെ കൊണ്ട് പോയിരുന്നു. നിവേദങ്ങളിൽ പറയുന്നു. ഹദ്റത് അലി സൂറഃ തൗബയുടെ പ്രാരംഭ സൂക്തങ്ങൾ ഈ ഹജ്ജിന്റെ അവസരത്തിൽ വിളംബരപ്പെടുത്തുകയുണ്ടായി. ഇതിന്റെ വിശദീകരണം ഹദ്റത് അലിയുടെ പരാമർശത്തിൽ മുൻഖുത്ബയിൽ വിവരിച്ചതാണ്. ഹദ്റത് അബൂബക്കറിനെ സംബന്ധിച്ച ഈ അനുസ്മരണം ഇൻശാ അല്ലാഹ് ഇനിയും തുടരുന്നതാണ്.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ തിരുമനസ്സ് ചില മർഹൂമീങ്ങളെ അനുസ്മരിക്കുകയും ജനാസ നമസ്കരിക്കുന്നതാണെന്നു വിളംബരപ്പെടുത്തുകയും ചെയ്തു.

ആദ്യത്തെ ജനാസ ഹാളിർ ആണ്. മുറബ്ബി ആയിരുന്ന ജനാബ് മുഹമ്മദ് ദാവൂദ് സഫർ സാഹിബിന്റേതാണ്. അടുത്ത രണ്ടു ജനാസ ഗായിബ് ആണ്. ഒന്ന് സ്പെയിനിലെ മുൻ മുബല്ലിഗ് ആയ മർഹൂം കറം ഇലാഹി സഫർ സാഹിബിന്റെ ഭാര്യ റുഖിയ ശമീം ബുശ്റ സാഹിബയുടേതാണ്. അടുത്തത്, മിർസാ ഹനീഫ് അഹ്മദ് സാഹിബിന്റെ ഭാര്യ താഹിറ ഹനീഫ് സാഹബയുടേതാണ്. ഇവർ സയ്യിദ് സൈനുൽ ആബിദീൻ വലിയുല്ലാഹ് സാഹിബിന്റെ മകളും ഹദ്റത് ഖലീഫ സാനിയയുടെ മരുമകളും എന്റെ മാമിയും ആയിരുന്നു. 1936ൽ ഖാദിയാനിലാണ് ജനിച്ചത്. ഇവരുടെ പിതാവ് സയ്യിദ് സൈനുൽ ആബിദീൻ വലിയുല്ലാഹ് ശാഹ് സാഹിബ് വളരെയേറെ വാള്യങ്ങളിൽ ബുഖാരിയുടെ വ്യാഖ്യാനം എഴു തിട്ടിട്ടുണ്ട്. അവരുടെ മാതാവ് സയ്യിദ സയ്യാറ ബേഗം സാഹിബ ദിമിശ്ക് വാസിയായിരുന്നു. പരേതയുടെ പിതാമഹൻ ഹദ്റത് ഡോക്ടർ സയ്യിദ് അബ്ദുസ്സത്താർ ശാഹ് സാഹിബ് മുഖേനയാണ് കുടുംബത്തിൽ അഹ്മദിയ്യത് എത്തിയത്. ഇദ്ദേഹം ഹദ്റത് ഖലീഫത്തുൽ മസീഹ് അർറാബിഇന്റെ മാതാമഹൻ ആയിരുന്നു. അല്ലാഹു അവർക്ക് മൂന്ന് ആൺമക്കളെയും ഒരു മകളെയും നൽകിയിട്ടുണ്ട്. ഖിലാഫത്തുമായി അനിതരസാധാരണമായ ബന്ധമായിരുന്നു. എനിക്കും കൃത്യമായി കത്തുകൾ എഴുതിക്കൊണ്ടിരുന്നു. മാത്രമല്ല ഓരോ ഖുത്ബയ്ക്ക് ശേഷവും അധികവും അവരുടെ കത്തുകൾ വന്നിരുന്നു. അതിൽ വിവിധ തരത്തിലുള്ള വിശകലങ്ങളും ഉണ്ടായിരുന്നു. സാധുക്കളെ നല്ല പോലെ പരിരക്ഷിച്ചിരുന്നു. അല്ലാഹു അവരോട് പൊറുമയോടെയും കരുണയോടെയും വർത്തിക്കുമാറാകട്ടെ. മഹാത്മാക്കളുടെ പാദങ്ങളിൽ ഇടം നൽകുമാറാകട്ടെ, അവരുടെ മക്കൾക്കും അവരുടെ നൻമകൾ തുടർന്ന് കൊണ്ട് പോകാൻ തൗഫീഖ് നൽകുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ ـ وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ ـ عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِى الْقُرْبٰى وَيَنْهٰى
عَنِ الْفَحْشَآءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ ـ

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Masjid Mubarack U.K. – on 18.11.2022

Malayalam Translation: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

Typing: Waseem ahmad Chelakkara

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**